# File No.REV-DRF-A1/391/2020-REV

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - പ്രളയം 2018 - തിരുവനന്തപുരം ജില്ല - വീടുകളുടെ നാശനഷ്ടം - തിരുവനന്തപുരം , ചിറയിൻകീഴ് താലൂക്കുകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്**

G.O.(Rt)No.2410/2021/RD തീയതി,തിരുവനന്തപുരം, 13/07/2021

---

പരാമർശം:-

1. 08.12.2018 തീയതിയിലെ സ . ഉ ( സാധാ ) നം. 5088/2018 / റവ
2. 06.02.2019 തീയതിയിലെ സ . ഉ ( സാധാ ) നം. 463/2019 / റവ
3. തിരുവനന്തപുരം , ജില്ലാ കളക്ടറുടെ 14.10.2020 , 18.03.2021 എന്നീ

തീയതികളിലെ എ5-ഇ-135110/2018 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

2018 - പ്രളയത്തോടനുബന്ധിച്ച് തിരുവനന്തപുരം ജില്ലയിൽ വീടുകൾക്ക് നാശനഷ്ടം നേരിട്ട , തിരുവനന്തപുരം താലൂക്കിലെ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയ 103 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിന് 37,65,750 രൂപയും ചിറയിൻകീഴ് താലൂക്കിലെ വീടിന്റെ പണി 75% പൂർത്തിയാക്കി സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയ 4 പേർക്ക് ബാക്കി തുകയായ 1,52,450/- രൂപ വീതം അനുവദിക്കുന്നതിനാവശ്യമായ 5,22,800/- രൂപ ഉൾപ്പടെ ആകെ 42,88,550 രൂപ അനുവദിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചു.

2. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. . തിരുവനന്തപുരം താലൂക്കിൽ പെട്ട 103 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള 37,65,750 രൂപയും ചിറയിൻകീഴ് താലൂക്കിൽ വീടിന്റെ പണി 75% പൂർത്തിയാക്കിയ സ്റ്റേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയ 4 പേർക്ക് ബാക്കി തുകയായ 1,52,450/- രൂപ വീതം അനുവദിക്കുന്നതിനാവശ്യമായ 5,22,800/- രൂപയും ഉൾപ്പടെ <u>ആകെ 42,88,550 രൂപ</u> മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച ഉത്തരവാകുന്നു.

3.വിതരണത്തിന് ആവശ്യമായി വരുന്ന **42,88,550 രൂപ ( നാല്പത്തി രണ്ട് ലക്ഷത്തി എൺപത്തിയെണ്ണായിരത്തി അഞ്ഞൂറ്റി അൻപത് രൂപ മാത്രം)** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർക്ക് ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

Rari Rajan

Special Secretary

ജില്ലാ കളക്ടർ, തിരുവനന്തപുരം

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ